(5) കോഴിക്കോട് ജില്ലയിലെ എക്സൈസ് ഗാർഡുകളുടെ നിയമനം

ശ്രീ. കെ. പി. മോഹനൻ: സർ, കോഴിക്കോട് ജില്ലയിൽ ഒഴിവുകൾ ഉണ്ടായിട്ടും എക്സൈസ് ഗാർഡുകളെ നിയമിക്കുന്നില്ല. നിയമനത്തിനുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നില്ല. കോഴിക്കോട് ജില്ലയിലെ അഴിയൂർ ചെക്ക് പോസ്റ്റ്, അതുപോലെതന്നെ ഒരുപാട് ഡിസ്റ്റിലറികൾ അവിടെയൊക്കെ ഒരുപാട് വേക്കൻസികൾ ഉണ്ട്. ആ ഒഴിവുകൾ നികത്താൻ വേണ്ടി ഈ ജില്ലയിൽ നിന്നുള്ള പി.എസ്.സി. റാങ്കിൽപ്പെട്ട ഉദ്യോഗാർത്ഥികളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കോഴിക്കോട് ജില്ലയിലെ എക്സൈസ് ഗാർഡുമാരുടെ ഒഴിവുകൾ എല്ലാം പി.എസ്.സി. ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുവരെ 83 പേരെ നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമിച്ചിട്ടുണ്ട്.

(6) കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. വർക്കല കഹാർ: സർ, സുപ്രീം കോടതി വിധിയെ തുടർന്ന് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശം ഉണ്ടായിരുന്ന കല്ലുമ്പലം, എഴുകോൺ, നെടുവത്തൂർ, മുഖത്തല കാഷ്യൂ ഫാക്ടറികൾ മുൻ ഉടമകൾക്ക് വിട്ടുകൊടുത്തിട്ടുള്ളതാണ്. രണ്ടുവർഷം കഴിഞ്ഞിട്ടും തൊഴിലോ, നിയമാനുസൃതമായ ആനുകൂല്യങ്ങളോ ലഭിക്കാതെ പട്ടിണിയും പരിവട്ടവുമായി കഴിയുന്ന തൊഴിലാളികളെ രക്ഷിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഉടമകൾ ഉറപ്പ് പാലിക്കാത്ത സാഹചര്യത്തിൽ ഫാക്ടറികൾ ഏറ്റെടുത്ത് നടത്താൻ വേണ്ട നടപടികൾക്കായി സുപ്രീം കോടതിയിലുള്ള കേസിൽ സർക്കാർകൂടി കക്ഷിചേർന്നു തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഈ നാല് ഫാക്ടറികൾ സുപ്രീം കോടതി വിധിയനുസരിച്ചാണ് വിട്ടുകൊടുത്തത്. പക്ഷെ ആ സുപ്രീം കോടതിവിധിയിൽ ചില കണ്ടീഷൻസ് പറഞ്ഞിരുന്നു, തൊഴിലാളികൾക്കെല്ലാം ജോലി കൊടുക്കണം, അവരുടെ ആനുകൂല്യങ്ങൾ കൊടുക്കണം എന്ന്. പക്ഷെ അത് കൊടുക്കുന്നതു സംബന്ധിച്ച് വീണ്ടും തർക്കമുണ്ടായി. കോടതിയിൽ ഇപ്പോൾ കേസ് പെൻഡിംഗിലാണ്. ഉടമകൾ തൊഴിലാളികൾക്ക് ഈ ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല അതുകൊണ്ട് കമ്പനി തിരിച്ചുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോർപ്പറേഷനും കേസ് കൊടുത്തിട്ടുണ്ട്. ഇവിടെ എക്സസ് സ്റ്റാഫാണ്, നടത്താൻ കഴിയാത്ത സാഹചര്യങ്ങൾ ഉണ്ട് എന്നുപറഞ്ഞുകൊണ്ട് മാനേജ്മെന്റ് സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്. ഈ മാസം 22-ാം തീയതിയോ മറ്റോ ആ കേസ് പരിഗണനയ്ക്ക് വച്ചിരിക്കുകയാണ്. ആ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly